(സി) കുടിശ്ശികക്കാരായ കയറ്റുമതിക്കാരുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. ഓരോരുത്തരും അടയ്ക്കുവാനുള്ള തുകയുടെ വിവരം ലഭിച്ചു വരുന്നതേയുള്ളു. *

(ഡി) ഉണ്ട്.

ചെമ്മീൻകൃഷി

151 (901) ഡോ. എം. എ. കുട്ടപ്പൻ :
ശ്രീമതി രാധാരാഘവൻ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് ചെമ്മീൻ കൃഷിയുണ്ട് ;

(ബി) ഇത്രയും സ്ഥലത്ത് ചെമ്മീൻകൃഷി നടത്തുന്നതിന് പ്രതിവർഷം എത്ര ചെമ്മീൻ കുഞ്ഞുങ്ങളെ ആവശ്യമുണ്ട് ;

(സി) മത്സ്യഫെഡിന് എവിടെയെല്ലാം ചെമ്മീൻ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്ന ഹാച്ചറികളുണ്ട് ; ഇവയിൽ എത്ര ചെമ്മീൻ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കാൻ കഴിയും ;

(ഡി) ഇവയിലേതെങ്കിലും ഹാച്ചറികൾ സ്വകാര്യസ്ഥാപനത്തിന് കൈമാറിയിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം വ്യവസ്ഥയിന്മേൽ എന്ന് അറിയിക്കുമോ ;

(ഇ) ഈ സ്വകാര്യസ്ഥാപനം എന്തു വിലയ്ക്കാണ് ചെമ്മീൻ കുഞ്ഞുങ്ങളെ കൃഷിക്കാർക്ക് നൽകുന്നത് ;

(എഫ്) അയൽസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന ചെമ്മീൻ കുഞ്ഞുങ്ങളെ ഈ സ്ഥാപനം കർഷകർക്ക് നൽകുന്നുണ്ടോ ;

(ജി) എങ്കിൽ അയൽസംസ്ഥാനങ്ങളിൽ ചെമ്മീൻ കുഞ്ഞുങ്ങളുടെ വില എന്താണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1352ഹെക്ടർ സ്ഥലത്ത്.

(ബി) 625 ലക്ഷം

(സി) മത്സ്യഫെഡിന്, തിരുമുല്ലവാര് (കൊല്ലം) വെളിയംകോട് (മലപ്പുറം) മോപ്ലബേ (കണ്ണൂർ) കൈപ്പമംഗലം (തൃശ്ശൂർ) എന്നിവിടങ്ങളിൽ ഹാച്ചറികളുണ്ട്. ഇവയിൽ പ്രതിവർഷം 900 ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുവാൻ കഴിയും.

(ഡി) ഇല്ല.

(ഇ-ജി) പ്രസക്തമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly